**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ആയ ശ്രീമതി. ദീപ.കെ-യെ കുടുബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1906/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 03/09/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin സർക്കാർ ഉത്തരവ്

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.03.2019-ലെ 12074/ഇ 1/2016/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് .

ഉത്തരവ്

സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റായ ശ്രീമതി.ദീപ കെ. -യെ കോഴിക്കോട് കുടുബശ്രീ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം 3 കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റായ ശ്രീമതി. ദീപ.കെ-യെ റൂൾ 140(സി) Part I, KSR പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം 2 ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകിക്കൊണ്ടും കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**നന്ദന ആർ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖാന്തിരം)
ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**